(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുനഃക്രമീകരിച്ച ബ്ലോക്ക് പഞ്ചായത്തുകളുടെ കരട് വിജ്ഞാപനത്തിന്മേൽ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചിട്ടുണ്ട്. ലഭ്യമാകുന്ന ആക്ഷേപങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നവരെ നേരിൽക്കേട്ട് വിലയിരുത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

ഐ.എ.വൈ. പദ്ധതി

4 (4039) ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. എം. ആരിഫ് :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഐ.എ.വൈ. പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) പദ്ധതി നടത്തിപ്പിനായുള്ള സംസ്ഥാന വിഹിതം കൃത്യമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ സാധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഫണ്ട് കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് പ്രഖ്യാപിച്ചിരുന്നത് ; അവ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരും ജില്ലാടിസ്ഥാനത്തിൽ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാരും സംസ്ഥാനാടിസ്ഥാനത്തിൽ ഗ്രാമവികസന കമ്മീഷണറും ഇന്ദിര ആവാസ് യോജന പദ്ധതി അവലോകനം നടത്തുന്നുണ്ട്.

(ബി) കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതം കൃത്യമായി നൽകുന്നുണ്ട്. എന്നാൽ സംസ്ഥാനത്ത് യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചതുമൂലമുണ്ടായ അധിക ബാധ്യതയിൽ സർക്കാർ 2012-13 മുതൽ നൽകേണ്ട വിഹിതം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

859/2017.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന സർക്കാർ നൽകുന്ന അധിക ധനസഹായത്തിൽ കടിശ്ശികയുള്ള തുക നൽകുന്നതിനായി ഹഡ്കോയിൽ നിന്നും 650 കോടി രൂപ വായ്പയെടുക്കുന്നതിന് KURDFC-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നടപടികൾ പുരോമിക്കുന്നു.

ഐ.എ.വൈ. ഭവന പദ്ധതിയിലെ പ്രതിസന്ധി

5 (4040) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എ.വൈ. ഭവന പദ്ധതിപ്രകാരം 2012-13, 2013-14, 2014-15 വർഷങ്ങളിൽ എത്ര ഭവനങ്ങൾ വീതം നിർമ്മിക്കാനായിരുന്നു സർക്കാർ ലക്ഷ്യമിട്ടിരുന്നത് ; ഓരോ വർഷവും എത്ര വീടുകളുടെ നിർമ്മാണം ഏറ്റെടുത്തു എന്നും എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) പദ്ധതി ലക്ഷ്യം കൈവരിക്കാൻ കഴിയാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ഐ.എ.വൈ. പദ്ധതിക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര വീതം തുകയാണ് അനുവദിക്കുന്നത് ; SC/ST വിഭാഗങ്ങളിൽപ്പെടുന്നവർക്ക് എത്ര തുകയാണ് അനുവദിക്കുന്നത് ;

(ഡി) ഈ പദ്ധതിയിൽ വീട് ലഭിച്ചതിനാൽ നിലവിലുണ്ടായിരുന്ന കടിലുകളും മറ്റും പൊളിച്ചുനീക്കി, പണം ലഭിക്കാത്തതിനാൽ വീട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ, യാതൊരു സുരക്ഷിതത്വവുമില്ലാതെ കഴിയേണ്ടിവരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പണം നൽകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; പണം നൽകാൻ കഴിയാത്ത പ്രതിസന്ധി എന്നുമുതലാണ് ആരംഭിച്ചത് ;

(ഇ) ഈ അവസ്ഥയ്ക്ക് എന്ത് പരിഹാരമാണ് സർക്കാരിന്റെ പക്കലുള്ളത് ; അടിയന്തരമായി IAY ഗുണഭോക്താക്കൾക്ക് അവരുടെ അർഹമായ തുക നൽകാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly